**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6546** **11-11-2021 - ൽ മറുപടിയ്ക്ക്**

**നാളികേര സംസ്കരണ പ്ലാന്റിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങലിൽ പ്രവർത്തിക്കുന്ന നാളികേര സംസ്കരണ പ്ലാന്റിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വകുപ്പ് തലത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ആറ്റിങ്ങൽ മാമത്ത് പ്രവർത്തിക്കുന്ന നാളികേര സംസ്കരണ പ്ലാന്റിൽ 30 (MTPD) മെട്രിക് ടൺ പെർ ഡേ ശേഷിയുള്ള വെളിച്ചെണ്ണ മില്ലും 1000 (LPD) ലിറ്റർ പെർ ഡേ ശേഷിയുള്ള വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി നിലവിൽ ഒരു ഷിഫ്റ്റ് പ്രവർത്തിപ്പിച്ച് ആഴ്ചയിൽ 21000 ലിറ്റർ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നുണ്ട്. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വെളിച്ചെണ്ണ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സ്വദേശത്തും വിദേശത്തുമായിട്ട് വിപണനം വിപുലീകരിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | പ്ലാന്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി നടപ്പിലാക്കാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ 30 MTPD ഓയിൽ മില്ലും 1000 ലിറ്റർ വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസം ഡിമാന്റ് അനുസരിച്ച് അഞ്ചര ലക്ഷം ലിറ്റർ വരെ ഉത്പാദിപ്പിച്ച് സംഭരിക്കുന്നതിനുള്ള സൗകര്യവും, ഇതിന് ആവശ്യമായ കൊപ്ര സംഭരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളും പടിപടിയായി വികസിപ്പിക്കുന്നതിന് നിലവിലുള്ള സൗകര്യം ആവശ്യമായി വരും. നിലവിൽ വെളിച്ചെണ്ണ/ നാളികേരാധിഷ്ഠിത ഉത്പന്ന വിൽപ്പന കേന്ദ്രവും, അഗ്രോബസാറും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ നാളീകേര ഉത്പ്പന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്ലാന്റുകളും സംവിധാനവും ഒരുക്കുന്നതിനും ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസ്സസ്സിംങ്ങ് കോംപ്ലക്സ് എന്ന നിലയിലേക്ക് ഈ കേന്ദ്രത്തെ വികസിപ്പിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ